(ബി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

(സി) ഇവയിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിനു ലഭിക്കേണ്ട വനഭൂമി സ്വകാര്യ വ്യക്തിക ളിൽനിന്ന് വീണ്ടെടുക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം വനംവകുപ്പ് എന്നാണ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നിയമത്തിന് മന്ത്രിസഭ അംഗീകാരം നൽകിയി ട്ടുണ്ടോ;

(എഫ്) ഈ നിയമം നടപ്പിലാക്കുന്നതിലെ കാലതാമസംമൂലം പതിനാ യിരം ഏക്കർ വനഭൂമി സംസ്ഥാനത്തിന് നഷ്ടപ്പെട്ടിട്ടുള്ളതായി സർക്കാ രിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പ്രസ്തുത വനഭൂമി സ്വകാര്യ വ്യക്തികളിൽനിന്നും തിരികെ എടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എച്ച്) സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയ വനഭൂമി യിൽനിന്നും വിലപിടിപ്പുള്ള മരങ്ങൾ വെട്ടിവിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി)&(സി) റിപ്പോർട്ടിലെ പ്രധാന ശുപാർശകളും അവയിൻമേൽ വനം വകുപ്പു സ്വീകരിച്ച നടപടികളും അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

(ഡി)&(ഇ) പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുന്ന തിനായി ഒരു നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(എഫ്)&(ജി) നിയമനിർമ്മാണ നടപടികൾ പൂർത്തിയാകുമ്പോൾ മാത്രമേ വിശദമായ വിവരങ്ങൾ ലഭ്യമാകുകയുള്ളു.

(എച്ച്) സ്വകാര്യ വ്യക്തികൾ കൈവശമുള്ള വനഭൂമിയിൽനിന്ന് മര ങ്ങൾ വെട്ടിമാറ്റാതിരിക്കുവാൻ സെക്ഷൻ (5) നോട്ടിഫിക്കേഷൻ (കെ.പി.റ്റി. ആക്ട് 1986) പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനം ലംഘിച്ച് മരംമുറി നടത്തിയി ട്ടുള്ളപ്പോൾ അവരുടെ പേരിൽ കേസ് ചാർജ്ജ് ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് റെയിൽവേ വികസന നടപടികൾ

19 (*379) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് പുതിയ ലൈൻ നിർമ്മിക്കുന്നതിനുള്ള പണികൾ നടന്നുവരുന്നതായി

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി സർവേ നടക്കുന്നതായി അറിവുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ മലയോര പ്രദേശങ്ങളെ ഇതര ഭാഗങ്ങളു മായി ബന്ധിപ്പിച്ചുകൊണ്ടുള്ള റെയിൽവേ ലൈനുകളുടെ നിർമ്മാണത്തിന് എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സർക്കാർ എന്തൊക്കെ പദ്ധതികളാണ് ഇതിലേ ക്കായി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ നിലവിലുള്ള റെയിൽവേ ലൈനുകളുടെ ഇര ട്ടിപ്പിക്കൽ, ഇലക്ട്രിഫിക്കേഷൻ, റെയിൽവേ സ്റ്റേഷനുകളുടെ നിർമ്മാണം പുതിയ ട്രെയിനുകൾ അനുവദിക്കൽ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിൽ എന്തൊക്കെ പദ്ധതികളുടെ അംഗീകാരത്തിനായുള്ള സമ്മർദ്ദങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാ ക്കുമോ;

(എഫ്)ഇതിനുള്ള തുടർ നടപടികൾ ഫലപ്രദമാക്കാൻ പ്രത്യേക സമി തിയെ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) അങ്കമാലി-ശബരിമല, കോട്ടയം-എരുമേലി, കുറ്റിപ്പുറം-ഗുരുവാ യൂർ എന്നീ പുതിയ പദ്ധതികളാണ് ഇപ്പോൾ പരിഗണനയിലുള്ളത്. ഇതിൽ ശബരി റെയിൽവേ പദ്ധതി നടത്തിപ്പിനായി ഒരു പ്രോജക്ട് ഓഫീസ് മൂവാറ്റു പുഴയിൽ തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മധുര-കോട്ടയം ലൈനിന്റെ സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ഹൈറേഞ്ചുമായി ബന്ധമുള്ള മധുര-കോട്ടയം ലൈനിന്റെ സർവ്വേ വർക്ക് നടന്നുകൊണ്ടിരിക്കുന്നു.

(ഡി)&(ഇ) തിരുവനന്തപുരം-എറണാകുളം ലൈനിന്റെ ഇലക്ട്രിഫി ക്കേഷൻ, തലശ്ശേരി-മൈസൂർ ലൈൻ, ശബരി റെയിൽ പദ്ധതികൾക്ക് തുക അനുവദിക്കൽ എടപ്പള്ളി-ഗുരുവായൂർ-താനൂർ റെയിൽവേ ലൈൻ, കുറ്റിപ്പുറം -ഗുരുവായൂർ റെയിൽവേ ലൈൻ എന്നിവയുടെ നിർമ്മാണം, കൊല്ലം ചെങ്കോട്ട ഗേജ് കൺവർഷൻ, കായംകുളം-കോട്ടയം-എറണാകുളം കായംകുളം-ആലപ്പുഴ-എറണാകുളം ലൈനുകളുടെ ഇരട്ടിപ്പിക്കൽ, തിരുവന ന്തപുരത്തുള്ള നേമം സ്റ്റേഷനെ ഒരു സാറ്റലൈറ്റ് സ്റ്റേഷനാക്കി മാറ്റുന്നതിന്, തൃശ്ശൂർ എറണാകുളം റെയിൽവേ ലൈൻ കടന്നുപോകുന്ന നെടുമ്പാശ്ശേരി എയർപോർട്ട് ഭാഗത്ത് ഒരു റെയിൽവേ സ്റ്റേഷൻ സ്ഥാപിക്കൽ മുതലായ പദ്ധ തികളാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരം കാത്തുകിടക്കുന്നത്, കൂടാതെ കോച്ചുകളുടെ ക്ഷാമം പരിഹരിക്കണമെന്നും കേരളത്തിൽ ഒരു കോച്ചു ഫാക്ടറി തുടങ്ങണമെന്നും കേരളം ആസ്ഥാനമായി ഒരു റെയിൽവേ സോൺ ആരംഭിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്)ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly